"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ കാർഷിക വിപണന കേന്ദ്രവും കാർഷിക ഗവേഷണ കേന്ദ്രവും നിർമ്മിക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും എടുത്ത 5 കോടി രൂപ വായ്പ പുതുക്കി 7 കോടി രൂപയായി വർദ്ധിപ്പിച്ച് വായ്പയെടുക്കുന്നതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1828/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/09/2021

---

പരാമർശം:-
1. 29/07/2009-ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.147/2009/തസ്വഭവ.
2. 25/07/2015-ലെ സ.ഉ (സാധാ)നം.2283/2015/തസ്വഭവ.
3. പഞ്ചായത്ത് ഡയറക്ടറുടെ 13/11/2019-ലെ PAN/10848/2019-F3(DP) നം. കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ കാർഷിക വിപണന കേന്ദ്രവും കാർഷിക ഗവേഷണ കേന്ദ്രവും നിർമ്മിക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 5 കോടി രൂപ വായ്പയെടുക്കുന്നതിന് പരാമർ ശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു.

2) കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലഭിച്ച വായ്പ തുകയും പഞ്ചായത്ത് ഫണ്ടും ചേർത്ത് കെട്ടിട നിർമ്മാണം ആരംഭിച്ച് ഇതുവരെ 70% പൂർത്തീകരിച്ചിട്ടുള്ളതായും, നിർമ്മാണ ഘട്ടത്തിൽ എഞ്ചിനീയറിംഗ് വിഭാഗം ആവശ്യപ്പെട്ട ചില മാറ്റങ്ങളും ഭരണ സമിതി നിർദ്ദേശിച്ച കാലാനുസൃതമായ ചില കൂട്ടിച്ചേർക്കലുകളും വരുത്തി എസ്റ്റിമേറ്റ് പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക നേരത്തെ കണക്കാക്കിയ 10 കോടിയിൽ നിന്നും 12 കോടിയായി വർദ്ധിച്ചിട്ടുണ്ടെന്നും, ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് ഉറപ്പ വരുത്തുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും എടുത്ത 5 കോടി രൂപ വായ്പ പുതുക്കി 7 കോടി രൂപയായി വർദ്ധിപ്പിച്ച് വായ്പയെടുക്കുന്നതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകണമെന്നും പരാമർശം 3 – പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ കാർഷിക വിപണന കേന്ദ്രവും കാർഷിക ഗവേഷണ കേന്ദ്രവും നിർമ്മിക്കുന്നതിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും എടുത്ത 5 കോടി രൂപ വായ്പ പുതുക്കി 7 കോടി രൂപയായി വർദ്ധിപ്പിച്ച് വായ്പയെടുക്കുന്നതിന് പേരാമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പേരാമ്പ്ര ഗ്രാമപഞ്ചായത്ത്, കോഴിക്കോട്.

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്,ഐ&പി.ആർ.ഡി

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Reenamma P A
Date: 23-09-2021 13:06:38
Reason: Approved
സെക്ഷൻ ഓഫീസർ